(ഡി) നിയമനത്തിന് എന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) നിയമനം ലഭിച്ചവരിൽ ഏതൊക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ശുപാർശ ചെയ്തവരാണെന്ന് എക്സ്ചേഞ്ച് തിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ എം. പാനലായി ജോലി നോക്കി വരുന്നവർക്ക് മുൻഗണന നൽകിയിട്ടുണ്ടോ ; എങ്കിൽ അപ്രകാരമുള്ള എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി—എഫ്) വിവരം ശേഖരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ കൊടുത്തുതീർക്കാനുള്ള ആനുകൂല്യങ്ങൾ

170 [627] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ, മറ്റാനുകൂല്യങ്ങൾ, മോട്ടോർ ആക്സിഡന്റ് ക്ലെയിം എന്നീ ഇനത്തിൽ എത്ര കോടി രൂപ കൊടുത്തു തീർക്കാനുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ വിവിധ ധനകാര്യ ഏജൻസികളിൽ നിന്ന് കെ.എസ്.ആർ.ടി.സി. എത്ര കോടി രൂപ കടമെടുത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പെൻഷൻ ആനുകൂല്യ ഇനത്തിൽ 250 കോടി രൂപയും, എം.എ.സി.റ്റി. ക്ലെയിം ഇനത്തിൽ വിധി തുകയായി 21.59 കോടി രൂപയും കൊടുക്കാനുണ്ട്.

(ബി) യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി. ഹഡ്കോയിൽ നിന്നും 25 കോടി രൂപയും കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും 447.79 കോടി രൂപയും (ആകെ 25+447.79=472.79 കോടി രൂപ) കടമെടുത്തിട്ടുണ്ട്.

തമ്പാനൂർ ബസ് സ്റ്റാന്റിലെ അപകട മരണങ്ങൾ

171 [628] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ഒക്ടോബറിൽ തിരുവനന്തപുരത്ത് തമ്പാനൂർ ബസ് സ്റ്റാന്റിൽ എത്ര അപകട മരണങ്ങളുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ മരണങ്ങൾ ഉണ്ടാകാനുള്ള കാരണമെന്ത് ;

(സി) തമ്പാനൂർ ബസ് സ്റ്റാന്റിൽ നിന്ന് പോകുകയും വരുകയും ചെയ്യുന്ന ബസ്സുകളുടെ സ്പീഡ് നിയന്ത്രിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ബസ് സ്റ്റാന്റിനുള്ളിൽ നിന്നും പിന്നോട്ട് ബസ്സ് എടുക്കുന്ന ഡ്രൈവർക്ക് ബസ്സിന്റെ പിന്നിൽക്കൂടി ആൾ നടക്കുന്നതിനെപ്പറ്റി സൂചന നൽകുവാൻ എന്തെല്ലാം ഏർപ്പാടുകളാണ് ഉള്ളത് ;

(ഇ) പ്രസ്തുത ബസ് സ്റ്റാന്റിൽ അപകട മരണം ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം സംവിധാനം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

അപകടങ്ങൾ കുറയ്ക്കാൻ നടപടി

172 [629] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംഭവിച്ച വാഹന അപകടത്തിൽ മരിച്ചവരുടേയും പരിക്ക് പറ്റിയവരുടേയും ജില്ല തിരിച്ചുള്ള കണക്ക് തരം തിരിച്ച് വിശദമാക്കാമോ ;

(ബി) വർദ്ധിച്ച് വരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉത്തരം അനുബന്ധം 'എ' യിൽ കൊടുത്തിരിക്കുന്നു. †

(ബി) ഉണ്ട്.

(സി) റോഡ് സുരക്ഷയെക്കുറിച്ച് ബോധവൽക്കരണം നടത്തുക, വാഹന പരിശോധന ഊർജ്ജിതപ്പെടുത്തുക, മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തി ശിക്ഷണ നടപടികൾ സ്വീകരിക്കുക, അപകട സാദ്ധ്യതയേറിയ സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുക, റോഡ് മാർക്കിംഗ് നടത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly